നം.വി.ആർ./37379/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി, തിരുവനന്തപുരം -14
തീയതി 28.05.2018

# ***സർക്കുലർ***

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2018-19 അദ്ധ്യയന വർഷത്തെ രൂപവത്കരണത്തെയും പ്രവർത്തനങ്ങളെയും - സംബന്ധിച്ച്.

സൂചന:- വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാന്വൽ

വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാന്വൽ പ്രകാരം സംസ്ഥാനത്തെ എൽ.പി.സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതും 2018 ജൂൺ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. മാന്വൽ പ്രകാരം ക്ലാസ്തലം മുതൽതന്നെ കലാസാഹിത്യ വേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതാണ്. കൃത്യമായി യൂണിറ്റുകൾ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2018 ജൂൺ 1 ന് എല്ലാ സ്കൂളുകളിലും കലാസാഹിത്യവേദിയുടെ ക്ലാസ്തല യോഗം ചേർന്ന് നിർവാഹകസമിതിക്കു രൂപം കൊടുക്കേണ്ടതും സ്കൂൾതല കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതുമാണ്. ജൂൺ 28 ന് കലാസാഹിത്യവേദിയുടെ ഉപജില്ലാസമിതി രൂപവത്ക്കരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട ഉപജില്ലാകോ-ഓർഡിനേറ്റർമാർക്ക് വിദ്യാരംഗത്തിന്റെആഭിമുഖ്യത്തിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നതാണ്. ആയതിനാൽ പുതിയ ഉപജില്ലാ കൺവീനർമാരുടെ ലിസ്റ്റ് ജൂൺ 28 നു തന്നെ(പേര്. മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ സഹിതം) vidyarangamdpi@gmail.com ലേക്ക് അയച്ചുതരേണ്ടതാണ്. ജൂലൈ 10 ന് കലാസാഹിത്യവേദിയുടെ റവന്യൂജില്ലാ സമിതി രൂപീകരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. ക്ലാസ്തലം മുതൽ ജില്ലാതലം വരെയുള്ള വിവിധ സമിതികൾ രൂപവത്കരിക്കുമ്പോൾ മാന്വലിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഉപജില്ലാതലത്തിലും ജില്ലാതലത്തിലും നിർവാഹകസമിതി രൂപവത്കരിക്കുകയും കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞാൽ അംഗങ്ങളുടെ ലിസ്റ്റും ഉപജില്ല/ജില്ല കോ-ഓർഡിനേറ്റർമാരുടെ പേരും പിൻകോഡ് സഹിതമുള്ള മേൽവിലാസവും ഫോൺ നമ്പറും ഇ-മെയിൽ വിലാസവും ***'എഡിറ്റർ, വിദ്യാരംഗം, ഡി.പി.ഐ.ഓഫീസ്, ജഗതി, തിരുവനന്തപുരം 14'*** എന്ന മേൽവിലാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വൈകാതെ അയച്ചുതരേണ്ടതാണ്. vidyarangamdpi@gmail.com എന്ന ഇ-മെയിലിലും ലിസ്റ്റ് അയയ്ക്കേണ്ടതാണ്. കലാസാഹിത്യവേദിയുടെ പ്രവർത്തനത്തിന് രജിസ്ട്രേഷൻ ഫീസിനത്തിൽ സ്കൂളുകളിൽ നിന്നും താഴെപ്പറയുന്ന തുക ഓരോ വിദ്യാലയവും നൽകേണ്ടതാണ്.

എൽ.പി.സ്കൂൾ - ₹ 100/-

യു.പി.സ്കൂൾ - ₹ 200/-

ഹൈസ്കൂൾ - ₹ 300/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുടെ 70 ശതമാനം ഉപജില്ലാതല പ്രവർത്തനങ്ങൾക്കും 30 ശതമാനം ജില്ലാതല പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കേണ്ടതാണ്. കലാസാഹിത്യവേദിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കുള്ള വിഹിതം ഈ അദ്ധ്യയനവർഷം അടയ്ക്കേണ്ടതില്ല. തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളും രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഉപജില്ല/ജില്ലാ ഓഫീസർമാർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

വിദ്യാരംഗം മാസികയുടെ വരിസംഖ്യ എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം കുടിശ്ശിക ഉൾപ്പെടെ സമാഹരിച്ച് 2018 ജൂലൈ 10 നു മുമ്പ് ട്രഷറിയിൽ അടയ്ക്കേണ്ടതും(Head of Account 0202-01-102-95 Text Book Receipts) ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എഡിറ്ററുടെ പേരിൽ അയയ്ക്കേണ്ടതുമാണ്. വിദ്യാരംഗം മാസികയുടെ വാർഷിക വരിസംഖ്യ 2017 മുതൽ നൂറു രൂപയായിരിക്കുന്നതാണ്. കലാസാഹിത്യവേദിയുടെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇതോടൊപ്പം നൽകിയിരിക്കുന്ന അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ക്ലാസ്തല/സ്കൂൾതല സർഗോത്സവത്തിനാവശ്യമായ മാർഗ്ഗരേഖ വിദ്യാരംഗം കലാസാഹിത്യവേദി കോ-ഓർഡിനേറ്റർമാർ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്.

*പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി*

<u>പകർപ്പ്:</u>

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ എൽ.പി./യു.പി./എച്ച്.എസ്. പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ വഴി)
5) സ്റ്റോക്ക് ഫയൽ

പൊതുവിദ്യഭ്യാസ വകുപ്പ്

# വിദ്യാരംഗം കലാസാഹിത്യവേദി

## പ്രവർത്തനപദ്ധതി 2018-19

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലേയ്ക്ക് നയിക്കുന്ന സർഗ്ഗാത്മ കമായ ഭാഷാപഠനമാണ് വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങളുടെ അന്തസ്സത്ത. അതിനനുസൃതമായ വിധത്തിൽ ഒരു വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന സാഹിത്യവേദി പ്രവർത്തനങ്ങളുമായി 2017-18 വർഷത്തിൽ വിദ്യാരംഗം മാർഗ്ഗരേഖ പുറത്തിറങ്ങി. എൽ.പി. വിഭാഗം കുട്ടികൾക്ക് സ്കൂൾ, പഞ്ചായത്ത് തലങ്ങളിലും യു.പി.-ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കൂൾ, ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിലുമുള്ള സർഗ്ഗോത്സവ ങ്ങളും, ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി അനുക്രമമായി വളർന്നു വികസിക്കുന്ന ഒരു പ്രവർത്തനസമാഹാര വുമായിരുന്നു കഴിഞ്ഞ വർഷം നാം മുന്നോട്ടുവച്ചത്. എൽ.പി. യു.പി. ഹൈസ്കൂൾ തലങ്ങളിൽ ക്ലാസിലും സ്കൂളിലും കുട്ടികൾക്ക് ലഭിക്കേണ്ട അനുഭവങ്ങളും അവർ ചെയ്യേണ്ട പ്രവർത്തനങ്ങളും വിശദമായി പ്രതിപാ ദിച്ചുകൊണ്ട് അതിനാവശ്യമായ നിരവധി വായനാവിഭവങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആ വാർഷിക പദ്ധതി യുടെ തുടർച്ചയാണ് 2018-19 വർഷത്തെ വിദ്യാരംഗം പ്രവർത്തനരൂപരേഖ. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങ ളിലും ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളിലുമുള്ള സാഹിത്യ-കലാഭിരുചികൾ കണ്ടെത്താനും വളർത്തിയെടുക്കാനും ശ്രദ്ധാപൂർവ്വമുള്ള പരിശ്രമങ്ങളാണ് വരും വർഷത്തിൽ നടക്കേണ്ടത്. ഈ വാർഷികപദ്ധതിയുടെ ഘടനയും പ്രവർത്തനങ്ങളും നമുക്ക് സാമാന്യമായി പരിചയപ്പെടാം.

**വായനദിനം മുതൽ മാതൃഭാഷാദിനംവരെ**

പി.എൻ.പണിക്കർ സ്മരണാദിനമായ ജൂൺ 19 ന് തുടങ്ങി ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21 ന് പൂർണ്ണമാകുന്ന വിധത്തിലുള്ള വിദ്യാരംഗം പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടക്കേണ്ടത്. ജൂൺ-ആഗസ്റ്റ് സപ തംബർ-ഡിസംബർ, ജനുവരി-ഫെബ്രുവരി എന്നിങ്ങനെ മൂന്ന് ടേമുകളിലായി വിദ്യാരംഗം പ്രവർത്തനങ്ങളെ ക്രമീ കരിച്ചിരിക്കുന്നു. ജില്ലാ തലം വരെയുള്ള സർഗ്ഗോത്സവങ്ങൾ ഒക്ടോബർമാസത്തോടെ പൂർത്തിയാക്കണം.

**വിദ്യാരംഗം സ്കൂൾ തല പ്രവർത്തനങ്ങൾ**

വിദ്യാരംഗം സ്കൂൾ സമിതിയുടെ നേതൃത്വത്തിൽ കുട്ടികളെ അവരുടെ താൽപര്യത്തിനും ശേഷികൾക്കും അനുസൃതമായി **കഥ, കവിത, ചിത്രം, ആലാപനം, അഭിനയം, പാട്ട്** എന്നീ 6 കൂട്ടങ്ങളിലേയ്ക്ക് ഉൾക്കൊ ള്ളിക്കുന്നു. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൂട്ടങ്ങൾ ചെറുതോ വലുതോ ആകാം. ഈ കഴിവുകൾ കണ്ടെ ത്താനും തിട്ടപ്പെടുത്താനുമുള്ള പ്രവേശകപ്രവർത്തനങ്ങൾ ജൂൺമാസത്തിൽ എല്ലാ ക്ലാസുകളിലും നടക്കണം. ഈ പ്രവേശകപ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ആറു മേഖലകളിലും തനതായ പ്രവർത്തനങ്ങൾ തുടർച്ചയായി നടക്കണം. സ്കൂൾ സാഹിത്യവേദിയുടെ കീഴിൽ ഈ കൂട്ടങ്ങൾക്ക് പ്രത്യേകം കൺവീനർമാരും ചുമതലയുള്ള അധ്യാപകരും ഉണ്ടായിരിക്കും. ആറു കൂട്ടങ്ങളിലെ കൺവീനർമാരും ചുമതലയുള്ള അധ്യാപകരും വിദ്യാരംഗം സ്കൂൾ കോ-ഓർഡിനേറ്ററും, ആവശ്യമെങ്കിൽ അസി. കോ-ഓർഡിനേറ്ററും പ്രധാനാദ്ധ്യാപകനും അംഗങ്ങളായ സ്കൂൾ വിദ്യാരംഗം സമിതി ജൂണിൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.

**സർഗ്ഗോത്സവങ്ങൾ**

വിവിധ കൂട്ടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ മികവു പുലർത്തുന്ന കുട്ടികളെല്ലാം പങ്കെടുക്കുന്ന സ്കൂൾ സർഗ്ഗോത്സവങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നടക്കണം. അവരിൽനിന്ന് ഏറ്റവും മികവുള്ള കുട്ടികളാണ് ഉപജില്ലാതല സർഗ്ഗോത്സവത്തിലെത്തേണ്ടത്. യു.പി.തലത്തിലും ഹൈസ്കൂൾ തലത്തിലും കഥാരചന, കവിതാര ചന, ചിത്രരചന, കാവ്യാലാപനം, അഭിനയം, നാടൻപാട്ട്, ആസ്വാദനം എന്നീ ഏഴു മേഖലകളിലുള്ള ശില്പശാല കളാണ് സർഗ്ഗോത്സവങ്ങളിൽ നടക്കുക. കഥ, കവിത എന്നീ കൂട്ടങ്ങളിൽ രചനാമികവുള്ള കുട്ടികളും ആസ്വാദന ത്തിൽ മികച്ച കുട്ടികളും കാണും. ആസ്വാദനമികവുള്ള കുട്ടികളെ കണ്ടെത്തിയാണ് സർഗ്ഗോത്സവത്തിലെ ആസ്വാ ദനശില്പശാലയിൽ പങ്കെടുപ്പിക്കേണ്ടത്. ഓരോ മേഖലയിലും കുട്ടികൾക്ക് അനുഭവങ്ങൾ ലഭിക്കാനും ആവി ഷ്കാരങ്ങൾ നടത്താനുമുള്ള അവസരം ലഭിക്കുന്ന ശില്പശാലകളായിത്തന്നെ സ്കൂൾ-ഉപജില്ല-ജില്ലാ സർഗ്ഗോ ത്സവങ്ങൾ നടക്കുന്നുവെന്ന് ബന്ധപ്പെട്ട വിദ്യാരംഗം സമിതികൾ ഉറപ്പു വരുത്തണം.

**കഥക്കൂട്ടവും കവിതക്കൂട്ടവും**

സാഹിത്യത്തിലെ മികച്ച കഥാകൃത്തുക്കളെയും കവികളെയും അവരുടെ മികച്ച രചനകളിലൂടെ പരിചയ പ്പെടാനും നമ്മുടെ സാഹിത്യപൈതൃകത്തെ മനസ്സിലാക്കാനുമുള്ള അവസരങ്ങളാണ് കഥക്കൂട്ടത്തിലും കവിതക്കൂ ട്ടത്തിലും കുട്ടികൾക്ക് ലഭിക്കുക. വായന, ആസ്വാദനം, രചന എന്നീ ഘട്ടങ്ങളിലൂടെയാണ് കഥക്കൂട്ടവും കവിതക്കൂ ട്ടവും മുന്നേറുന്നത്. വൈവിധ്യമുള്ള നിരവധി പ്രവർത്തനങ്ങളിലൂടെ ബഷീർ, കാരൂർ, ഒ.വി.വിജയൻ, വി.കെ.എൻ, എം.ടി., മുകുന്ദൻ, മാധവിക്കുട്ടി, ടി.പത്മനാഭൻ, മുണ്ടൂർ കൃഷ്ണൻകുട്ടി എന്നീ കഥാകൃത്തുക്കളെ കഥക്കൂട്ടത്തിൽ പരിചയപ്പെടുത്തുന്നു. ആശാൻ, വൈലോപ്പിള്ളി, ബാലാമണിയമ്മ, ജി.ശങ്കരക്കുറുപ്പ് കവികളുടെ പ്രസിദ്ധകവി തകളും മഴ, ഓണം, മലയാളം, കേരളം എന്നീ വിഷയങ്ങളിലുള്ള മികച്ച കവിതകളും കവിതക്കൂട്ടം കുട്ടികൾ പരി ചയപ്പെടും. കഥയെഴുത്തിന്റെ വ്യത്യസ്ത ശൈലികൾ മനസ്സിലാക്കാനും കവിതയിൽ താളത്തിന്റെ സാധ്യതകൾ തിരിച്ചറിയാനുമുള്ള പ്രവർത്തനങ്ങൾ ഈ സംഘത്തിലെ കുട്ടികൾക്കായി ഉൾപ്പെടുത്തുന്നുണ്ട്.

**കാവ്യാലാപനക്കൂട്ടം**

കവിതക്കൂട്ടത്തിൽ പരിചയപ്പെടുന്ന കവികളെഴുതിയ മികച്ച കവിതകളുടെ ഒറ്റയ്ക്കും കൂട്ടായുമുള്ള ആലാപനമാണ് കാവ്യാലാപനക്കൂട്ടത്തിൽ നടക്കുന്ന പ്രധാന പ്രവർത്തനം. കവിതയുടെ താളവും ശബ്ദഭംഗിയും തിരിച്ചറിഞ്ഞ് കാവ്യാസ്വാദനശേഷി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ കൂട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ചിത്രക്കൂട്ടം**

ചിത്രം എന്ന മാദ്ധ്യമത്തിന്റെ സാദ്ധ്യതകളെ തിരിച്ചറിയാനും ആസ്വദിക്കാനും സ്വന്തം ആശയങ്ങളും ചിന്തകളും വരകളിലൂടെയും വർണ്ണങ്ങളിലൂടെയും ആവിഷ്കരിക്കാനുമുള്ള ഒരു പ്രവർത്തന സമാഹാരമാണ് ചിത്രക്കൂട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എല്ലാ കുട്ടികളിലുമുള്ള ചിത്രരചനാശേഷിയെ കണ്ടെത്താനുള്ള നിരവധി പ്രവർത്തനങ്ങൾ ഈ വർഷം ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂളിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അവയിൽ പലതും.

**അഭിനയക്കൂട്ടം**

അഭിനയത്തെ ഗൗരവമുള്ള ഒരു സർഗ്ഗാവിഷ്കാരമായി പരിഗണിക്കേണ്ടതുണ്ട്. നാടകങ്ങളും ഏകാഭിനയവും മറ്റു ദൃശ്യാവിഷ്കാരങ്ങളുമെല്ലാം കഥ, കവിത തുടങ്ങിയ ലിഖിതരൂപങ്ങളുടെ വായനയെയും ആസ്വാദനത്തെയും പോഷിപ്പിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്താം. കുട്ടികളുടെ കൂട്ടായ്മകൾ വളർത്തിയെടുക്കുന്നതിൽ അഭിനയത്തിനുള്ള സാദ്ധ്യതകൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളാണ് അഭിനയക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സ്കൂൾ നാടകസംഘം രൂപീകരിച്ച് മുന്നോട്ടുപോകാൻ അഭിനയക്കൂട്ടത്തിന് കഴിയണം.

**പാട്ടുകൂട്ടം**

നാടൻ പാട്ടുകളുടെയും നാടോടിക്കലകളുടെയും ചരിത്രം വൈവിദ്ധ്യം, പ്രസക്തി, തനിമ എന്നിവ അന്വേഷിച്ചറിയാനും ഓരോ നാടിന്റെയും തനതായ നാടൻ പാട്ടുകൾ ശേഖരിക്കാനും സംഘമായി പാടാനും കഴിവും താൽപര്യവും ഉള്ള ഒരു സംഘത്തിന് രൂപം നൽകുകയാണ് പാട്ടുകൂട്ടത്തിന്റെ ലക്ഷ്യം. വടക്കൻപാട്ടുകൾ, മാപ്പിളപ്പാട്ടുകൾ, അനുഷ്ഠാനഗാനങ്ങൾ, തെക്കൻപാട്ടുകൾ, കൃഷിപ്പാട്ടുകൾ, ഉത്സവഗാനങ്ങൾ എന്നിങ്ങനെ സമ്പന്നമായ നാടൻ പാട്ടുകളുടെ ശേഖരണവും അവതരണവും ആസ്വാദനവും പാട്ടുകൂട്ടത്തിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു. കാവ്യാലാപനക്കൂട്ടവും പാട്ടുകൂട്ടവും ചേർന്ന് കവിതകളും ഗാനങ്ങളും നാടൻപാട്ടുകളുമെല്ലാം അവതരിപ്പിക്കുവാൻ കഴിവുള്ള ഒരു സ്കൂൾ ഗായകസംഘത്തിന് രൂപം നൽകണം.

**ദിനാചരണങ്ങൾ**

വായനദിനം, ബഷീർ ദിനം, സ്വാതന്ത്ര്യദിനം, ഓണം, അദ്ധ്യാപകദിനം, ഗാന്ധിജയന്തി, കേരളപ്പിറവിദിനം, ശിശുദിനം, നവവത്സരദിനം എന്നീ ദിനാചരണങ്ങൾ ആറു കൂട്ടങ്ങളുടെയും സജീവമായ പങ്കാളിത്തത്തോടെ സ്കൂൾതലത്തിൽ നടക്കണം. ഇതിനോടൊപ്പം ഓരോ സ്കൂളിനും തനതായ ദിനാചരണങ്ങളും ആഘോഷങ്ങളും ഏറ്റെടുക്കാം. പൊതു പ്രവർത്തനരേഖയുടെ പിൻബലത്തോടെ ഓരോ സ്കൂൾ സാഹിത്യവേദിയും വാർഷിക പ്രവർത്തന കലണ്ടർ ജൂൺമാസത്തിൽത്തന്നെ തയ്യാറാക്കണം. സ്കൂളിലെ മറ്റു ക്ലബ്ബുകളുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ പരിഗണിക്കുന്നത് നല്ലതാണ്. ഓരോ ദിനാചരണത്തിനു ശേഷവും അതു സംബന്ധിച്ച പതിപ്പ്, ചുമർപത്രം, മാസിക എന്നിവയ്ക്കുള്ള സാദ്ധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തണം.

***പൊതുവിദ്യാഭ്യാസ ഡയറക്ടർ***